Mathrubhumi
മാതൃഭൂമി
6 November 2023

# സി.എം.എഫ്.ആർ.ഐ. യുവശാസ്ത്രജ്ഞന് രണ്ടുലക്ഷം രൂപയുടെ പുരസ്കാരം



▶ ആൽവിൻ ആന്റോ

**കൊച്ചി ▸** ലക്ഷദ്വീപിലെ പവിഴപ്പുറ്റുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട ഗവേഷണത്തിന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സി.എം.എഫ്.ആർ.ഐ.) യങ് പ്രൊഫഷണൽ ആൽവിൻ ആന്റോയ്ക്ക് ദേശീയ അംഗീകാരം. രണ്ടുലക്ഷം രൂപയും പ്രശസ്തിപത്രവും അടങ്ങുന്ന പാരിസ്ഥിതിക പഠനങ്ങൾക്കുള്ള ഹാസ്മുഖ് ഷാ മെമ്മോറിയൽ പുരസ്കാരമാണ് ആൽവിന് ലഭിച്ചത്. കാലാവസ്ഥാ വ്യതിയാനമുൾപ്പെടെയുള്ള ഭീഷണി നേരിടാൻ പവിഴപ്പുറ്റുകളെ സജ്ജമാക്കുന്ന പഠനപ്രവർത്തനങ്ങളാണ് പുരസ്കാരത്തിന് അർഹനാക്കിയത്. ഗുജറാത്ത് ഇക്കോളജിക്കൽ സൊസൈറ്റി നൽകുന്നതാണ് ഈ പുരസ്കാരം. നിരവധി തവണ സമുദ്രാന്തർഭാഗങ്ങളിൽ പഠനസർവേകൾ നടത്തിയിട്ടുള്ള ആൽവിൻ ഡൈവിങ് വിദഗ്ധൻ കൂടിയാണ്. ജനുവരിയിൽ വഡോദരയിൽ പുരസ്കാരം സമ്മാനിക്കും.